മിഷൻ 676-ന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽ പുതിയ ഫയർ, പോലീസ് സ്റ്റേഷനുകൾ

184 (7747) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) മിഷൻ 676-ന്റെ ഭാഗമായി ചാലക്കുടിയിൽ ഫയർഫോഴ്സിനും മലക്കപ്പാറയിൽ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയുൾപ്പെടെ വനപ്രദേശങ്ങളുള്ള സംസ്ഥാനത്തെ ജില്ലകളിൽ കാട്ടുതീ നിയന്ത്രണത്തിനായി വനം വകുപ്പിന്റേയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടേയും സഹകരണത്തോടെ ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിലേക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും റസിഡന്റ് അസോസിയേഷനുകളുടേയും സഹകരണത്തോടെ എല്ലാ ജില്ലകളിലും ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന യുവജനങ്ങൾക്ക് നീന്തലിലും പ്രാഥമിക അഗ്നിശമന പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ ടി പ്രവർത്തികൾ ആരംഭിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ചാലക്കുടി മണ്ഡലം കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച് പദ്ധതികളൊന്നും നിലവിലില്ല.

(ബി) ചാലക്കുടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടില്ല. മലക്കപ്പാറ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

നാട്ടിക വില്ലേജിൽ പുതിയ ഫയർ സ്റ്റേഷൻ

185 (7748) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക വില്ലേജിൽ എത്രയുംവേഗം ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നപക്ഷം താത്കാലിക ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly